# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3631 | 15.05.2017-ൽ മറുപടിയ്ക്ക് |

### തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിൽ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് ഇതുവരെ എത്ര തുകയ്ക്കുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്; | (എ) കോതമംഗലം മണ്ഡലത്തിൽ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കലിന് 948 ലക്ഷം രൂപയ്ക്കും, നിർമ്മാണ പ്രവർത്തനങ്ങൾക്കായി 580 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഭരണാനുമതി ലഭ്യമായ തുകയ്ക്കുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) പൂർത്തീകരിച്ചിട്ടില്ല. |
| (സി) നിലവിൽ ഈ റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) കലുങ്ക് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ റോഡ് പ്രവൃത്തികൾ 25% പൂർത്തീകരിച്ചിട്ടുമുണ്ട്. |
| (ഡി) എന്തുകൊണ്ടാണ് തുടർ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടത് എന്ന് വ്യക്തമാക്കാമോ; | (ഡി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ശ്രീ. പി.ഡി. ആന്റണി നൽകിയിട്ടുള്ള കേസിൽ സ്റ്റേ നിലനിൽക്കുന്നതിനാലാണ് നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടത്. |
| (ഇ) തുടർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;<br>(എഫ്) റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഇ) & (എഫ്) ശ്രീ. പി.ഡി. ആന്റണിയുടെ സ്ഥലവും, വിട്ടുപോയ സർവ്വെ നമ്പറുകളും ഉൾപ്പെടെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 15 കോടി രൂപയുടെ പുതിയ റിക്വിസിഷൻ നൽകിയിട്ടുണ്ട്. തഹസിൽദാരുടെ ഓഫീസിൽ നിന്ന് ബി.വി.ആർ തയ്യാറാക്കി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ